ട്രാൻസ്പോർട്ട്
കമ്മീഷണറേറ്റ്
തിരുവനന്തപുരം

നമ്പർ.ജി4/2433/റ്റി.സി./2015

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**


രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]


തീയ്യതി, 22.09.2015

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം :- *മോട്ടോർ വാഹന വകുപ്പ്* – പഴയ വാഹനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കൽ - രേഖ പരിശോധിച്ച വാഹനങ്ങളുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നതിന് രജിസ്ടർ - പരിപാലിക്കുന്നത് - സംബന്ധിച്ച്.

സൂചന :- സർക്കാർ കത്ത് 9160/സി1/2015/ഗതാഗതം തിയതി 05.08.2015

സംസ്ഥാനത്തെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് / സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ പഴയവാഹനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിന് വാഹന പരിശോധന നടത്തുന്നുണ്ടെങ്കിലും ആയിനത്തിൽ പരിശോധിക്കുന്ന വാഹനങ്ങളുടെ വിശദാംശങ്ങൾക്ക് യാതൊരു രേഖയും ഓഫീസുകളിൽ ലഭ്യമല്ലയെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ആയതിന് വ്യക്തമായ രേഖകൾ തയ്യാറാക്കി സൂക്ഷിക്കണമെന്നും സർക്കാരിൽ നിന്നും നിർദ്ദേശം ഉണ്ടായിരിക്കുന്നു.

പരിശോധനാവേളയിൽ പോരായ്മകൾമൂലം രജിസ്ട്രേഷൻ പുതുക്കാതെ തിരിച്ചയക്കാൻ ഇടയായ കാരണങ്ങൾ ഉൾപ്പെടെയുള്ള വിശദാംശങ്ങളും രജിസ്ട്രേഷൻ പുതുക്കിനൽകിയ വാഹനങ്ങളുടെ വിശദാംശങ്ങളും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. ടി സാഹചര്യത്തിൽ എല്ലാ രജിസ്ട്രേഷൻ ഉദ്യോഗസ്ഥരും മേൽപറഞ്ഞ പ്രകാരം രജിസ്ട്രേഷൻ പുതുക്കാൻ ഹാജരാക്കുന്ന വാഹനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനായി ഒരു പ്രത്യേകം രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. ഇത്തരം രജിസ്റ്റർ വാഹന പരിശോധന നടത്തുന്നവർ എഴുതി സൂക്ഷിക്കുന്നുണ്ടോയെന്ന് ഓഫീസ് മേധാവി ഉറപ്പുവരുത്തേണ്ടതാണെന്ന നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

പകർപ്പ് :-

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്
22/9/15